"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിന് കീഴിൽ തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനും, അഡ്മിഷൻ നൽകുന്നതിനും, അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(കൈ) നം.24/2025/SCSTD തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:-

1 പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 18.05.2023 തീയതിയിലെ SCDD/97/10/2021-C1(EDN C) നമ്പർ കത്ത്

2 പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 23.09.2024 തീയതിയിലെ SCDD/2461/2023-A1(ESTT A) നമ്പർ കത്ത്

3 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.02.2025 തീയതിയിലെ DGE/3670/2025-A2 നമ്പർ കത്ത്

4 സ.ഉ.(അച്ചടി)നം.54/2025-ധന തീയതി 19.04.2025

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിൽ പുതിയതായി നിർമ്മാണം പൂർത്തീകരിച്ച തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനും സ്കൂൾ പ്രവർത്തനത്തിന് ആവശ്യമായ അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയുണ്ടായി. പുതിയതായി ആരംഭിക്കുന്ന തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനത്തിനായി ഏറ്റവും അത്യാവശ്യം വേണ്ട അനധ്യാപക തസ്തികകൾ, അധ്യാപക തസ്തികകൾ എന്നിവ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർ യഥാക്രമം പരാമർശം 2, 3 മുഖേന ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിനു കീഴിൽ പുതിയതായി നിർമ്മാണം പൂർത്തീകരിച്ച

തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനും, തുടക്കത്തിൽ അഞ്ചാം ക്ലാസ്സിലേയ്ക്ക് 35 കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നതിനും, സ്കൂളിൽ പുതിയതായി അധ്യാപക തസ്തികയിൽ ഒരു യു.പി.എസ്.എ തസ്തിക 35600-75400 ശമ്പള സ്കെയിലിൽ {ബജറ്റ് ശീർഷകം - 2202-01-101-98-00-01-01} സൃഷ്ടിക്കുന്നതിനും, പരാമർശം (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽകാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി അനധ്യാപക തസ്തികകളിൽ ചുവടെ ചേർക്കും പ്രകാരം ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

| തസ്തിക | എണ്ണം | വേതനം |
|---|---|---|
| ഓഫീസ് അറ്റന്റൻഡ് | 1 | ദിവസ വേതനം:₹710/- പരമാവധി പ്രതിമാസ ദിവസ വേതനം : ₹19170/- |
| വാച്ച്മാൻ | 1 | |
| അസ്സിസ്റ്റന്റ് കുക്ക് | 1 | |
| മെയിൽ/ഫീമെയിൽ വാർഡൻ | 1 | |
| മെയിൽ/ഫീമെയിൽ ആയ | 1 | |
| പാർട്ട്ടൈം സാനിറ്റേഷൻ വർക്കർ | 1 | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ വകുപ്പ് (GEDN - R3/114/2023)
ധനകാര്യ വകുപ്പ് ( E-2459852/WW-WW3/87/2023-FIN dtd 16.06.2025 )
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 3141), തീയതി,17/07/2025.
പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യു മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 21-07-2025 12:21:17
സെക്ഷൻ ഓഫീസർ

പകർപ്പ് : **1)** ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

**2)** ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 17-07-2025

ഫയൽ നം. സി1/108/2023/പജപവവിവ. ഇനം നം: 3141

വിഷയം : പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിനു കീഴിൽ പുതുതായി നിർമ്മാണം പൂർത്തീകരിച്ച തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

Received on 18/07/2025 at 12.15 pm

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | സി1/108/2023/പജപവവിവ |
| 2 | വകുപ്പ് | പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ് |
| 3 | വിഷയം | പട്ടികജാതി വികസന വകുപ്പിനു കീഴിൽ പുതുതായി നിർമ്മാണം പൂർത്തീകരിച്ച തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10.07.2025 |
| 5 | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | അതെ |
| | ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. സിമി എ. എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. പുനീത് കുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. ഒ. ആർ. കേളു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പട്ടികജാതി വികസന വകുപ്പിനു കീഴിൽ പുതിയതായി നിർമ്മാണം പൂർത്തീകരിച്ച തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനും, തുടക്കത്തിൽ അഞ്ചാം ക്ലാസ്സിലേയ്ക്ക് 35 കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നതിനും, സ്കൂൾ പ്രവർത്തനത്തിന് ആവശ്യമായ അധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2 ) പട്ടികജാതി വികസന വകുപ്പിൽ പുതിയതായി നിർമ്മാണം പൂർത്തീകരിച്ച തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ആവശ്യമായ 5 5 അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

The proposal of the AD is to create 55 non teaching post at Model Residential School, Thonnakkal. The reported expenditure for one year is ₹.1.45 cr. As the govt is going through severe financial stringency this proposal can't be considered as such. Hence, the AD is requested to rework the proposal and re submit with bare minimum number of post in each category.

3 ) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ വീണ്ടും പരിശോധിച്ച്, തസ്തികകളുടെ എണ്ണം പരമാവധി കുറച്ച് ഓരോ കാറ്റഗറിയിലും ഏറ്റവും അത്യാവശ്യം വേണ്ട തസ്തികകൾ മാത്രം ഉൾപ്പെടുത്തി പുതിയ പ്രൊപ്പോസൽ സമർപ്പിക്കാൻ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ആയതിൻ പ്രകാരം അത്യാവശ്യം വേണ്ട തസ്തികകൾ ഉൾപ്പെടുത്തി പുതുക്കിയ പ്രപ്പോസൽ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

4 ) കൂടാതെ സ്കൂൾ പ്രവർത്തനത്തിന് ആവശ്യമുള്ള അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഫയൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിരുന്നു. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ നൽകിയ ശിപാർശ പ്രകാരം, തോന്നയ്ക്കലിൽ പ്രവത്തനമാരംഭിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് ആവശ്യമുള്ള അധ്യാപക തസ്തികകൾ സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത, ബജറ്റ് ശീർഷകം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി പൊതു വിദ്യാഭ്യാസ ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു.

| അധ്യാപക തസ്തിക | എണ്ണം | സാമ്പത്തിക ബാധ്യത അടിസ്ഥാന ശമ്പളം + 12% DA+ 4% HRA) | വേതനം അനുവദിക്കേണ്ട ശീർഷകം |
|---|---|---|---|
| യു.പി.എസ്.എ | 1 | (35600+4272+1424) × 12 = 495552/- | 2202-01-101-98-00-01-01 |
| പ്രൈമറി സ്കൂൾ എച്ച്.എം | 1 | (50400+6048+2016) × 12 = 701568/- | 2202-01-101-98-00-01-01 |
| എം.സി.ആർ.റ്റി | 1 | (41300+4956+1652)x12 = 574896/- | 2202-02-109-99-00- |

| | | | |
|---|---|---|---|
| (എച്ച്.എസ്.എ കേഡർ) | | | 01-01 |
| ആകെ സാമ്പത്തിക ബാധ്യത (ഒരു വർഷം) = 495552+701568+574896 = 17,72,016/- (പതിനേഴ് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി പതിനാറ് രൂപ മാത്രം) | | | |

പ്രസ്തുത പ്രൊപോസൽ പ്രകാരമുള്ള അധ്യാപക തസ്തികകൾ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ പട്ടികജാതി വികസന വകുപ്പാണ് സൃഷ്ടിക്കുക എന്നും ആവശ്യമായ അധ്യാപക തസ്തികൾ സൃഷ്ടിച്ചു കഴിഞ്ഞാൽ ടി തസ്തികകളിലേക്ക് അധ്യാപകരെ പൊതു വിദ്യാഭ്യാസ വകുപ്പാണ് നിയോഗിക്കുന്നത് എന്നും പൊതു വിദ്യാഭ്യാസ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു.

5 ) പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പുതുക്കിയ പ്രൊപ്പോസലിന്റയും പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്റയും അടിസ്ഥാനത്തിൽ തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ അത്യാവശ്യം വേണ്ടതായ പുതിയ അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും തേടിയിരുന്നു. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു;

> **"ഈ അദ്ധ്യയന വർഷം ഒരു UPSA തസ്തിക സൃഷ്ടിക്കുന്നതിനും കൂടാതെ ചുവടെ കാണുന്ന അനധ്യാപക തസ്തികകളിൽ താത്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും അനുമതി നൽകുന്നതായി ഭരണവകുപ്പിനെ അറിയിക്കുന്നു."**

| Sl. No. | Name of the non-teaching post | No. of post |
|---|---|---|
| (1) | OA | 1 |
| (2) | Watchman | 1 |
| (3) | Asst Cook | 1 |
| (4) | Male/Female warden | 1 |
| (5) | Male/Female Aya | 1 |
| (6) | Part time sanitary worker | 1 |

**ഇതിന് ബഹു: ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്**

6) പട്ടികജാതി വികസന വകുപ്പിനു കീഴിൽ പുതുതായി നിർമ്മാണം പൂർത്തീകരിച്ച തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പുതുതായി ഒരു യു.പി.എസ്.എ തസ്തിക 35600-75400 ശമ്പള സ്കെയിലിൽ {ശീർഷകം - 2202-01-101-98-00-01-01} സൃഷ്ടിക്കുന്നതിനും, അനധ്യാപക തസ്തികയിൽ, സ.ഉ.(അച്ചടി) നം.54/2025-ധന തീയതി 19.04.2025 നം. ഉത്തരവിലെ Annexure - ൽ ഉൾപ്പെട്ടിട്ടുള്ള OA, Watchman, Male/Female Warden, Male/Female Aya എന്നിവയുടെ ഓരോ തസ്തികയും, Annexure —ൽ ഉൾപ്പെടാത്ത Asst. Cook, Part Time Sanitation Worker എന്നിവയുടെ ഓരോ തസ്തിക ടി ഉത്തരവിലെ ഖണ്ഡിക 2(3) പ്രകാരവും, താൽകാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി 710/- {Maximum Daily wages payable in a month : 19170/-} നിരക്കിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും ധനകാര്യ വകുപ്പ്ും, സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനു പൊതു വിദ്യാഭ്യാസ വകുപ്പും അനുമതി നൽകിയിട്ടുണ്ട്.

7) ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

പട്ടികജാതി വികസന വകുപ്പിനു കീഴിൽ പുതുതായി നിർമ്മാണം പൂർത്തീകരിച്ച തോന്നയ്ക്കൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനും, സ്കൂളിൽ തുടക്കത്തിൽ അഞ്ചാം ക്ലാസ്സിലേയ്ക്ക് 35 കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നതിനും, ടി സ്കൂളിൽ പുതുതായി ഒരു യു.പി.എസ്.എ തസ്തിക 35600-75400 ശമ്പള സ്കെയിലിൽ {ശീർഷകം - 2202-01-101-98-00-01-01} സൃഷ്ടിക്കുന്നതിനും, താൽക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി ഓരോന്നു വീതം ഓഫീസ് അറ്റൻഡന്റ്, വാച്ച്മാൻ, മെയിൽ/ഫീമെയിൽ വാർഡൻ, മെയിൽ/ഫീമെയിൽ ആയ, അസിസ്റ്റന്റ് കുക്ക്, പാർട്ട് ടൈം സാനിറ്റേഷൻ വർക്കർ എന്നീ 6 അനധ്യാപക തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും അനുമതി നൽകാവുന്നതാണോ?